**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2589** **17-03-2022 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ താലൂക്കിലെ വ്യവസായ പാർക്കുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | null<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലമ്പൂർ താലൂക്കിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് വ്യവസായ പാർക്കുകളുള്ളതെന്നും ഓരോ പാർക്കും ആരുടെ ഉടമസ്ഥതയിലാണുള്ളതെന്നും ഓരോ പാർക്കിലും എത്ര സ്ഥലം വീതമുണ്ടെന്നും എത്ര വ്യവസായങ്ങളാണ് ഓരോ പാർക്കിലും നിലവിലുള്ളതെന്നും സ്ഥലം നൽകിയിട്ടും ഇതുവരെയും ആരംഭിക്കാത്ത വ്യവസായ യൂണിറ്റുകൾ എത്രയെന്നും എത്ര സ്ഥലം ഒഴിഞ്ഞു കിടക്കുന്നുവെന്നുമുള്ള വിശദമായ വിവരങ്ങൾ അറിയിക്കാമോ; | (എ) | നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള മയ്യന്താണി രാജീവ് ഗാന്ധി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 5 ഏക്കർ സ്ഥലത്തിൽ 22 സംരംഭങ്ങൾ പ്രവർത്തിക്കുന്നു. ഇവിടെ 15 സെന്റ് സ്ഥലം ഒഴിഞ്ഞു കിടപ്പുണ്ട്. ഇവിടെ 19 സെന്റ് ഭൂമി അനുവദിച്ചിട്ടുള്ള ഒരു യൂണിറ്റ് പ്രവർത്തനം തുടങ്ങിയിട്ടില്ല. വണ്ടൂർ ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 1.08 ഏക്കർ സ്ഥലമുണ്ട്. സ്ഥലം യൂണിറ്റുകൾക്ക് അനുവദിച്ചു നൽകിയിട്ടില്ല. മലപ്പുറം ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള എരഞ്ഞിക്കുന്ന് പട്ടികജാതി വനിത ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 50 സെന്റ് സ്ഥലമുണ്ട്. ഇവിടെ 3 യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നുണ്ട്. സ്ഥലം ഒഴിഞ്ഞു കിടപ്പില്ല. പ്രവർത്തനം തുടങ്ങാത്തവരുമില്ല. പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പാണ്ടിക്കാട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 5.1 ഏക്കർ സ്ഥലവും 4500 സ്ക്വയർ ഫീറ്റ് കെട്ടിടവുമുണ്ട്. ഇവിടെ 1 വ്യവസായ യൂണിറ്റ് പ്രവർത്തിക്കുന്നു. കെട്ടിടം ഒഴികെയുള്ള സ്ഥലം ഒഴിഞ്ഞു കിടക്കുകയാണ്. സ്ഥലം അനുവദിച്ചിട്ടും തുടങ്ങാത്ത യൂണിറ്റുകളും ഇല്ല. |
| (ബി) | വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ നിലമ്പൂർ താലൂക്കിൽ എവിടെയെങ്കിലും സ്ഥലം ലഭ്യമാണോ; എങ്കിൽ വില്ലേജ്, വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങൾ അറിയിക്കാമോ; | (ബി) | വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിൽ നിലമ്പൂർ, ചന്തക്കുന്നിൽ ആയുർവേദ ആശുപത്രിയ്ക്ക് സമീപം നിലമ്പൂർ വില്ലേജിൽ 20 സെന്റ് സ്ഥലം ഉണ്ട്. |
| (സി) | നിലമ്പൂർ താലൂക്കിൽ പുതിയ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; ആയതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ ; | (സി) | നിലമ്പൂർ താലൂക്കിൽ ചുങ്കത്തറ വില്ലേജിൽ നാളികേരം മറ്റു കാർഷിക ഉത്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്ന സംരംഭങ്ങൾക്കായി 100 ഏക്കർ വിസ്തൃതിയുള്ള പ്രത്യേക വ്യവസായ പാർക്കിന്റെ സാധ്യത പരിശോധിച്ചിരുന്നു. എന്നാൽ ടി |

| | | | |
|---|---|---|---|
| | | | സ്ഥലത്തിന്റെ ഉടമകൾ ഉയർന്ന നിരക്കിലുള്ള സ്ഥലവിലയും കോമ്പൻസേഷനും ആവശ്യപ്പെടുകയും തുക മുൻകൂറായി നൽകിയാൽ മാത്രമേ സ്ഥലം വിട്ടു നൽകാൻ കഴിയുകയുള്ളുവെന്നും അറിയിച്ചിരിക്കുന്നു. |
| (ഡി) | നിലമ്പൂർ താലൂക്കിൽ സ്വകാര്യ വ്യവസായ പാർക്കിനായി ആരെങ്കിലും അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരൊക്കെയെന്നും സ്ഥലം, വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങളും ലഭ്യമാക്കാമോ; | (ഡി) | ഇല്ല. |
| (ഇ) | ചുരുങ്ങിയത് എത്ര സ്ഥലമാണ് വ്യവസായ പാർക്കിന് ആവശ്യമുള്ളതെന്നും റബ്ബർതോട്ട ഭൂമി, ചെരിവുകളുള്ള മലയോര ഭൂമി എന്നിവ ഇതിനായി പരിഗണിക്കുമോയെന്നും വിശദമാക്കാമോ; | (ഇ) | വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ചുരുങ്ങിയ സ്ഥല പരിധി നിർദ്ദേശിക്കപ്പെടുന്നില്ലെങ്കിലും ഇതിനായി വ്യവസായ വികസനത്തിന് അനുയോജ്യമായ സ്ഥലമാണ് തിരഞ്ഞെടുക്കേണ്ടത്. ഏറ്റെടുക്കുന്ന ഭൂമിയുടെ 75% സംരംഭകർക്ക് അനുവദിക്കുവാൻ കഴിയുന്നതായിരിക്കണം. പ്രസ്തുത സ്ഥലം ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയിൽ പെടാത്തതായിരിക്കണം. കൂടാതെ വൈദ്യുതി, ജലം എന്നിവ സുലഭമായിരിക്കേണ്ടതാണ്. സ്ഥലം മിതമായ നിരക്കിൽ ഏറ്റെടുക്കുവാനും വികസനം നടത്തുവാനും കഴിയുന്നതായിരിക്കണം. പൊതുജനപ്രതിഷേധ സാധ്യത കുറവുള്ള പ്രദേശത്തിൽ നിന്നായിരിക്കേണ്ടതും നിലവിലെ നിയമങ്ങൾ പ്രകാരം വീതിയുള്ളതും കണ്ടെയ്-നർ, ടെയ്-ലർ എന്നിവ പ്രവേശിക്കുന്നതിന് ദേശീയ / സംസ്ഥാന പാതയിലേയ്ക്ക് ബന്ധമുള്ളതുമായ റോഡുകൾ ഉണ്ടായിരിക്കേണ്ടതുമാകുന്നു. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് നഗരസഭാ/കോർപ്പറേഷൻ പ്രദേശങ്ങളിൽ ചുരുങ്ങിയത് 15 ഏക്കറും അതിൽ കൂടുതലും ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ ചുരുങ്ങിയത് 25 ഏക്കറും അതിൽ കൂടുതൽ സ്ഥലമാണ് നിർദേശിക്കപ്പെട്ടിരിക്കുന്നത്. |
| (എഫ്) | കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരമുള്ള സംസ്ഥാനത്തെ പരിസ്ഥിതി ലോല മേഖലകളിൽ സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകുമോ; വിശദമാക്കാമോ? | (എഫ്) | ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയയിൽപ്പെട്ട ഭൂമിയിൽ വ്യവസായ പാർക്കിന് അനുമതി ലഭിക്കുകയില്ല. |

സെക്ഷൻ ഓഫീസർ